## ഭാഷ :-

ഉള്ളൂർ തന്റെ കേരള സാഹിത്യ ചരിത്രത്തിൽ ഭാഷയെ ഇങ്ങനെ നിർവ്വചിക്കുന്നു. "ഒരുവൻ തന്റെ അന്തർഗതം അന്യനെ ഗ്രഹിപ്പിക്കുന്നതിന് വേണ്ടി ഉച്ചരിക്കുന്നതും ആ അന്തർഗതം ഉൾക്കൊള്ളുന്ന ഒരു ജനസമുദായത്തിലെ സങ്കേതമനുസരിച്ച് അന്യര് ഗ്രഹിക്കുവാൻ പര്യാപ്തവുമായ വർണ്ണാത്മക ശബ്ദങ്ങളുടെ സമൂഹമാകുന്ന ഭാഷ." ഭാഷ വർണ്ണാത്മകമായ ശബ്ദങ്ങൾ ചേർന്നുണ്ടാകുന്നതാണെന്നും സമൂഹം അംഗീകരിക്കുന്ന ഒരു സങ്കേതം അതിനുണ്ടായിരിക്കണമെന്നും ഈ നിർവ്വചനത്തിലൂടെ ഉള്ളൂർ വ്യക്തമാക്കുന്നു. സമൂഹത്തിന്റെ പൊതുവായ അംഗീകാരത്തിനു പാത്രമായാൽ മാത്രമേ ഒന്നിനെ ഭാഷയായി പരിഗണിക്കുകയുള്ളൂ.

'ഭാഷ്യതേ ഭാഷ' — പറയുന്നതെന്തോ അതാണ് ഭാഷ' എന്നൊരു നിർവ്വചനം കൂടിയുണ്ട്. ആശയവിനിമയത്തിനായി കണ്ണ്, കൈയ്യ് തുടങ്ങിയ അവയവങ്ങൾ കൊണ്ടും മുഖത്തുള്ള ഭാവങ്ങൾ കൊണ്ടും നടത്തുന്ന പ്രകടനങ്ങളെയാണ് ഭാഷ എന്ന് വിളിക്കുന്നത്. അന്യോന്യമുള്ള ആശയപ്രകടനത്തിന് മാത്രമല്ല, സ്വയം ചിന്തിക്കുന്നതിനും പഠിക്കുന്നതിനും മനുഷ്യൻ ഭാഷയെ ആശ്രയിക്കുന്നു.

'ഭാഷാവ്യക്തായാം വാചി' - വ്യക്തമായ വാക്കാണ് ഭാഷ' - എന്നാണ് പാണിനിയുടെ നിർവ്വചനം. ഭാഷയ്ക്ക് ശബ്ദം, അക്ഷരം, അർത്ഥം എന്നീ മൂന്ന് ഘടകങ്ങളുണ്ട് (ആംഗ്യഭാഷ ഇതിൽ നിന്ന് വ്യത്യസ്തമാകുന്നു) മനുഷ്യപുരോഗതിയുടെ അടിത്തറയാണ് ഭാഷ വെളിവാക്കുന്നത്.

## ഭാഷാഭേദം :-

ലോകത്തിൽ ആകെ ആയിരത്തി എണ്ണൂറിലധികം ഭാഷകൾ പ്രചാരത്തിലുണ്ട്. പദം, വർണ്ണം, നാമം, വ്യാകരണനിയമങ്ങൾ, വാക്യഘടന ഇവയെ അടിസ്ഥാനമാക്കി ഭാഷകളെ വ്യത്യസ്തഗോത്രങ്ങളായി തിരിക്കാം. ഇരുപതിൽപ്പരം ഭാഷാഗോത്രങ്ങളാണ് നിലവിലുള്ളത്.

Scanned by CamScanner

ഇവയിൽ ~~ദ്രാവിഡഗോത്രത്തിലാണ്~~ (ഭാഷ) ~~ഭാഷയുടെ സ്ഥാനം~~. ഇന്തോ-യൂറോപ്യൻ ഗോത്രം, സെമിറ്റിക് ഗോത്രം, ദ്രാവിഡഗോത്രം, ആസ്ട്രിക് ഗോത്രം എന്നിവ ഇവയിൽ പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങളാണ്. ഇവയിൽ ദ്രാവിഡഗോത്രത്തിലാണ് ഭാഷയുടെ സ്ഥാനം. മലയാളത്തെ കൂടാതെ തെലുങ്ക്, തമിഴ്, കന്നട എന്നിവയും ദ്രാവിഡഗോത്രത്തിൽ പെട്ട പ്രധാന ഭാഷകളാണ്. ഈ നാല് സമ്പുഷ്ട ഭാഷകൾ കൂടാതെ തുളു, കുർഗ്, കോത, കുറുക്ക്, തുടങ്ങിയുള്ള ഒരു ഡസനിലധികം അസമ്പുഷ്ട ഭാഷകളും ദ്രാവിഡത്തിലുണ്ട്.

ഭാരതത്തിലെ ഭാഷകളിൽ ജനപ്പെരുപ്പം കൊണ്ട് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഹിന്ദിയാണ്. എന്നാൽ തമിഴ്, തെലുങ്ക്, കന്നട, മലയാളം എന്നീ ദക്ഷിണേന്ത്യൻ ഭാഷകളോട് കിടനിൽക്കുവാൻ ഹിന്ദിക്ക് സാധ്യമല്ല. സാഹിത്യസമ്പത്തിന്റെ കാര്യത്തിൽ ബംഗാളി, മറാഠി എന്നീ ഭാഷകൾ മാത്രമാണ് ദ്രാവിഡഭാഷകൾക്കൊപ്പം ശക്തമായുള്ളത്.

## മലയാളം എന്ന പേര്:-

കേരളീയരുടെ ഭാഷ കൈരളിയാണ്. ഈ ഭാഷയെയാണ് മലയാളം എന്ന് വ്യവഹരിക്കുന്നത്. 'മല', 'ആഴം' എന്നീ രണ്ട് പദങ്ങൾ ചേർന്നാണ് മലയാളം ഉണ്ടായത് എന്ന് കോവുണ്ണി നെടുങ്ങാടി അഭിപ്രായപ്പെടുന്നു. മല ആഴം അങ്ങനെയും ആഴിയാണെന്നും ആണ് കാൾഡ്വലിന്റെ പക്ഷം. 'മല' എന്ന പദം ഭൂപ്രദേശം എന്നർത്ഥമുള്ള അളം എന്ന പദത്തിനോട് ചേർന്ന് ഉണ്ടായതാണ് ~~ഈ~~ മലയാളം എന്നൊരു അഭിപ്രായവും നിലവിലുണ്ട്. പതിനാറാം നൂറ്റാണ്ടിലാണ് ഈ പദം (മലയാളം) ഉപയോഗത്തിൽ ഇടംപിടിച്ചതെന്ന് ഇളംകുളം അനുമാനിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം, ആരംഭിച്ചതിന് ശേഷമായിരിക്കാം ഈ പദം പ്രചാരം നേടിയതെന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു.

Dr. MINI NAIR'S MALAYALAM CLASSES Mob: 9447863592

Scanned by CamScanner

## ഭാഷയുടെ ഉത്പത്തി സിദ്ധാന്തങ്ങൾ :-

"പതിനെട്ട് ... (12, 13) ... നിൽക്കുന്ന

Dr. MINI ... MALAYALAM CLASSES Mob: 9447863592

ഭാഷോത്പത്തിയെക്കുറിച്ച് വ്യത്യസ്ത വാദങ്ങൾ നിലവിലുണ്ട്. 1816-നു മുൻപു തന്നെ ഭാഷാശാസ്ത്രജ്ഞന്മാർ ഭാഷകളെ വ്യതിരിക്ത വ്യക്തമായി മനസ്സിലാക്കിയിരുന്നു. ഉത്തരേന്ത്യയിലെ പ്രമുഖ ഭാഷകളിൽ നിന്നും വ്യത്യസ്തമാണ് ദക്ഷിണേന്ത്യൻ ഭാഷകളെന്ന ചിന്ത തിരിച്ചറിഞ്ഞതും ഇവയെ നിർവ്വചിക്കാൻ ശ്രമിച്ചതും വിദേശികളാണ്. ദ്രാവിഡഭാഷകളുടെ ആദ്യമായി ഒരു ഗവേഷണലേഖനം എഴുതിയത്; ഫ്രാൻസിസ് വൈറ്റ് എല്ലീസ് എന്ന ഭാഷാചിന്തകനാണ്. മലയാളവും തമിഴും തമ്മിലുള്ള ശക്തമായ ബന്ധത്തെക്കുറിച്ച് എല്ലീസിന് ബോധ്യമുണ്ടായിരുന്നു. കൊടുന്തമിഴ് പോലെ ചെന്തമിഴിൽ നിന്ന് ഉദ്ഭവിച്ചു വന്നതാണ് മലയാളവും എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. മലയാളത്തിന് തമിഴുമായുള്ള ബന്ധമുണ്ടെന്ന് ശക്തമായ വിശ്വാസം നിലവിൽ വന്നത് ഈ വാദത്തോടെയാണ്.

മലയാളഭാഷയുടെ ഉത്പത്തിയെ കുറിച്ചുള്ള സിദ്ധാന്തങ്ങൾ ~~ഭാഷോത്പത്തിവാദങ്ങൾ~~ പ്രധാനമായും മൂന്നു തരത്തിലാണുള്ളത്.

(1) സംസ്കൃതജന്യവാദം

(2) തമിഴ്ജന്യവാദം

(3) മൂലദ്രാവിഡഭാഷാവാദം

ഇവ കൂടാതെ മിശ്രഭാഷാവാദം എന്നൊരു വാദം കൂടി നിലവിലുണ്ട്.

### (1) സംസ്കൃതജന്യവാദം :-

കോവുണ്ണി നെടുങ്ങാടി കേരളകൗമുദി എന്ന വ്യാകരണഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ

"സംസ്കൃതഹിമഗിരിഗളിതാ
ദ്രാവിഡവാണീ കളിന്ദജാമിളിതാ
കേരളഭാഷാഗംഗാ
വിഹരതു മേ ഹൃത്സരസ്വദാസംഗാ" എന്ന് പരാമർശിച്ചു കാണുന്നു.

കേരളപാണിനിയുടെ മതവും ഇതാണ്. ആധികാരികമായി ഇങ്ങനെ പറഞ്ഞു എന്നല്ലാതെ സംസ്കൃതത്തിൽ നിന്നാണ് ഭാഷ ഉദ്ഭവിച്ചത് എന്ന വ്യക്തമായ ധാരണയൊന്നും കോവുണ്ണി നെടുങ്ങാടി പുലർത്തി കാണുന്നില്ല. ഭാഷ ഉപയോഗിക്കുന്നതിൽ 90 ശതമാനത്തിലധികം പദങ്ങളും സംസ്കൃതത്തിൽ നിന്നാണ്. തദ്ഭവമായും തത്സമമായും ഇവ ഉപയോഗിക്കുന്നു. സംസ്കൃതത്തിന്റെ ഈ അതിപ്രസരമാണ് ഭാഷ ഉദ്ഭവിച്ചത് സംസ്കൃതത്തിൽ നിന്നാണ് എന്ന് കരുതാൻ കാരണം.

മലയാളഭാഷ സംസ്കൃതത്തിൽ നിന്നാണ് ഉദ്ഭവിച്ചതെന്ന് എന്ന് ധാരണ ഉൾപ്പെടെ തന്നെ പുലർത്തിയിരുന്ന ഗ്രന്ഥമാണ് ലീലാതിലകം. സംസ്കൃതം അനാദിഭാഷയാണ് എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം ഇതാണ് വ്യക്തമാക്കുന്നത്. വടക്കുംകൂർ രാജരാജവർമ്മ അദ്ദേഹത്തിന്റെ 'സാഹിത്യസർവ്വസ്വം' എന്ന കൃതിയിൽ ഇതിന് നിരവധി തെളിവുകൾ അക്കമിട്ട് നിരത്തുന്നു. വാക്കുകളുടെ ബന്ധത്തെയാണ് അദ്ദേഹം തെളിവായി സ്വീകരിച്ചിരിക്കുന്നത്. വാക്കുകളല്ല വാക്യഘടനയും വ്യാകരണവുമാണ് ഭാഷാബന്ധത്തെ നിർണ്ണയിക്കാൻ മാനദണ്ഡമാക്കേണ്ടത്, എന്നതിൽ വടക്കുംകൂർ ശ്രദ്ധ വെക്കുന്നില്ല.

ബാഹ്യമായി സംസ്കൃതവും ഭാഷയും ഇടകലർന്നു കാണുന്നുവെങ്കിലും ആന്തരമായി ഇവ തമ്മിൽ ബന്ധമുണ്ടെന്ന് പറയുക സാധ്യമല്ല. സംസ്കൃതവും മലയാളവും രണ്ടു ഗോത്രങ്ങളിൽപ്പെട്ട ഭാഷകളാണ്. സംസ്കൃതം ഏറ്റവും കൂടുതൽ ഭാഷകൾ ഉൾപ്പെടുന്ന ഇന്തോ-യൂറോപ്യൻ ഗോത്രത്തിൽ പെടുന്നു. മലയാളമാകട്ടെ വളരെ കുറച്ച് ഭാഷകൾ മാത്രം ഉൾപ്പെടുന്ന ദ്രാവിഡഗോത്രത്തിലും.

ഒരു ഗോത്രത്തിൽപ്പെട്ട ഭാഷ മറ്റൊരു ഗോത്രത്തിൽപ്പെട്ട ഭാഷയുടെ ഉത്ഭവത്തിന് കാരണമാകുന്നു എന്നത് യുക്തിസഹമല്ല. ഈ ഒരു കാരണം മാത്രമല്ല ഭാഷയുടെ ഉത്ഭവം സംസ്കൃതത്തിൽ നിന്നല്ല എന്ന് വാദിക്കാനുള്ള കാരണം.

DR. MINI NAIR'S MALAYALAM CLASSES Mob: 9447863592

Scanned by CamScanner

വ്യാകരണപരമായും പദഘടനയുടെ കാര്യത്തിലും ഭാഷയും സംസ്കൃതവും വ്യതിരിക്തത പുലർത്തുന്നു. ലിംഗപ്രത്യയങ്ങൾ പ്രകടമാകുന്ന രീതിയാണ് ഇവയിൽ ശ്രദ്ധേയം. ആൺപെൺ വ്യത്യാസത്തെ കുറിക്കാൻ സംസ്കൃതം ചില പ്രത്യയങ്ങൾ ചേർക്കുന്നു. ഭാഷ പദങ്ങളോടൊപ്പം ചില ശബ്ദങ്ങൾ കൂട്ടിച്ചേർക്കുന്നു. (സിംഹം - ആൺസിംഹം). പുല്ലിംഗം, സ്ത്രീലിംഗം കൂടാതെ നപുംസകം എന്നിവ പ്രത്യേക ലിംഗം മലയാളത്തിലുണ്ടെന്നതും ശ്രദ്ധേയമാണ്. വചനത്തിന്റെ കാര്യത്തിലും രണ്ട് ഭാഷകളും തമ്മിൽ ഈ വ്യത്യാസം കാണാം. മലയാളത്തിൽ ഒന്നിനെക്കുറിക്കാൻ ഏകവചനവും ഒന്നിൽ കൂടുതൽ എണ്ണത്തെ കുറിക്കാൻ ബഹുവചനവും ഉപയോഗിക്കുന്നു. (മരം - മരങ്ങൾ) രണ്ട് മരങ്ങൾ എന്ന പ്രയോഗം മലയാളത്തിലില്ല. സംസ്കൃതത്തിലാകട്ടെ വചനങ്ങൾ മൂന്നാണ്. ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിവയാണവ രണ്ട്-എണ്ണത്തിനെക്കുറിക്കാൻ ദ്വിവചനം സംസ്കൃതം ഉപയോഗിക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

ലിംഗത്തിന്റെയും വചനത്തിന്റെയും കാര്യത്തിലുള്ള വ്യത്യാസം പോലെ വാക്യപ്രയോഗത്തിലും സംസ്കൃതവും ഭാഷയും വ്യത്യാസം കാണിക്കുന്നു. കർമ്മത്തിന് പ്രാധാന്യം നല്കുന്ന കർമ്മണി-പ്രയോഗങ്ങൾ സംസ്കൃതത്തിൽ ഉണ്ട്. ഭാഷയിൽ കർത്താവിന് പ്രാധാന്യമുള്ള കർത്തരിപ്രയോഗമാണ് പ്രചാരത്തിലുള്ളത്. (പശു രാമനാൽ അടിക്കപ്പെട്ടു എന്നല്ല, പശുവിനെ രാമൻ അടിച്ചു എന്നാണ് മലയാളത്തിലെ പ്രയോഗം)

വ്യാകരണപരമായ വ്യത്യാസം പോലെതന്നെ കവിതയിലും ഭാഷയും സംസ്കൃതവും തമ്മിൽ വ്യതിരിക്തത കാണുന്നു. കവിതയെന്നത് ഭാഷയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന ശബ്ദമാണ്. പ്രാകൃത കവിത, വൈകൃത കവിത, സംസ്കൃത കവിത

MINI NAIR
Mob: 9447863592

Scanned by CamScanner

അവഗ്രഹിത കക്ഷ്യ, സംവൃത കക്ഷ്യ എന്നിവയാണ് പ്രധാന കക്ഷ്യകൾ. പ്രാകൃതകക്ഷ്യ ശൈശവത്തെയും, വൈകൃതകക്ഷ്യ കൗമാരത്തെയും സംശ്ലിഷ്ട കക്ഷ്യ യൗവനത്തെയും, അവഗ്രഹിത കക്ഷ്യ വാർദ്ധക്യത്തെയും പ്രതിനിധാനം ചെയ്യുന്നു. മലയാളം കക്ഷ്യാപരമായി നോക്കുമ്പോൾ സംശ്ലിഷ്ട കക്ഷ്യയിലാണ്. സംസ്കൃതമാകട്ടെ വൈകൃത കക്ഷ്യയെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇങ്ങനെ രണ്ടു കക്ഷ്യകളെ പ്രതി-നിധാനം ചെയ്യുന്ന ഭാഷകളിൽ ഒന്ന് മറ്റൊന്നിനു കാരണമായി എന്ന് വാദിക്കുന്നത് യുക്തിസഹമല്ലാത്തതിനാൽ ഈ വാദത്തിന്റെ സ്വീകാര്യത പൂർണ്ണമായി അംഗീകരിക്കാൻ പ്രയാസമാണ്.

(2) തമിഴ്ജന്യവാദം :- മാതൃപുത്രീബന്ധം

F.W. എല്ലിസിൽ തുടങ്ങുന്ന ഭാഷാചിന്തയാണ് തമിഴ്-ജന്യവാദം. ദ്രാവിഡഭാഷകളിൽ ഘടനാപരമായ ഏറ്റവുമടുത്ത സാദൃശ്യം തമിഴ് മലയാളങ്ങൾക്കു തമ്മിലാണ്. പിൽക്കാലത്ത് കാൽഡ്വെല്ലും കേരളപാണിനിയും ആറ്റൂരും, ചട്ടമ്പിസ്വാമികളും എല്ലാം ഉറച്ചു നിൽക്കുന്നത് തമിഴ്ജന്യവാദത്തിലാണ്.

കാൽഡ്വലിന്റെ നിരീക്ഷണത്തിൽ ചില അവ്യക്തതകൾ നമുക്ക് കണ്ടെത്താനാവും. തമിഴിൽ നിന്നാണ് മലയാളം ഉത്ഭവിച്ചത് എന്നദ്ദേഹം പറഞ്ഞുവെങ്കിലും ഏത് തമിഴിൽ നിന്നാണെന്ന് വ്യക്തമാക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. മലയാളത്തിന്റെ പൂർവ്വരൂപമായ തമിഴിന്റെ പേരിനെക്കുറിച്ച് അദ്ദേഹം അർത്ഥവത്തായ മൗനം പാലിക്കുകയാണ്. തമിഴ് മലയാളങ്ങൾ വേർപിരിയുന്നത് എപ്പോൾ എന്ന് വ്യക്തമാക്കാൻ അദ്ദേഹത്തിന് സാധിക്കാതെ പോയി.

കാൽഡ്വലിന്റെ വാദത്തിലുള്ള അവ്യക്തതകളെ മറ്റു സാധാരണക്കാരന് വിശദമാകും വണ്ണം തമിഴ്ജന്യവാദത്തെ സമർത്ഥിക്കുന്നത് കേരളപാണിനി ചെയ്തത്. ഇതിനായി അദ്ദേഹം ആറു നയങ്ങൾ മുന്നോട്ടു വെച്ചു.

കേരളപാണിനിയുടെ ആറ് നയങ്ങൾ:

അന്ന് നാട്ടിലാകെ വ്യാപിച്ചിരുന്ന തെറ്റുകൾ ശരിയായി പരിഹരിക്കുന്നതിന് കാരണമായി കേരളപാണിനി ആറു നയങ്ങൾ ആവിഷ്കരിക്കുന്നു. ദ്രാവിഡസ്വഭാവവും അവയുടെ വ്യതിയാനത്തിനാധാരവുമായ കാരണങ്ങൾ ഈ കൂട്ടത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നു. അനുനാസികാതിപ്രസരം, സ്വരസംവരണം, താലവ്യാദേശം, വിലോപസംഗ്രഹം, അംഗഭംഗം, പുരുഷഭേദനിരാസം എന്നിവയാണ് ആറു നയങ്ങൾ.

DR. MINI NAIR
Mob: 9447863592
MALAYALAM CLASSES

(1) <u>അനുനാസികാതിപ്രസരം:</u>

ഒരു അനുനാസികവർണ്ണം അതിന്റെ തൊട്ടടുത്ത് വരുന്ന സ്വന്തം വർഗ്ഗത്തിൽ പെട്ട ഖരത്തെ ആദേശിച്ച് കീഴടക്കി അനുനാസികമാക്കി മാറ്റുന്ന പ്രക്രിയയാണ് അനുനാസികാതിപ്രസരം. അനുനാസികം ആദ്യവും, ഖരം പിന്നാലെയും വന്നാൽ മാത്രമേ അനുനാസികാതിപ്രസരം സംഭവിക്കുകയുള്ളൂ. 'ങ്ക' 'ങ്ങ' ആവുന്നതാണ് ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നത്. മങ്ക, തേങ്ക, നിങ്കൾ, ഇടങ്ങിയ പദങ്ങൾ മങ്ങ, തേങ്ങ, നിങ്ങൾ എന്നിങ്ങനെയായി മാറുന്നത് അനുനാസികാതിപ്രസരത്തിലൂടെയാണ്. കന്റി, കന്നിയാവുന്നതും അനുനാസികാതിപ്രസരമാണെന്ന് കേരളപാണിനി ചൂണ്ടിക്കാണിക്കുന്നു.
ഒന്റ്, കുന്റ് എന്നിവ യഥാക്രമം ഒന്ന്, കുന്ന് എന്നിങ്ങനെയായി മാറുന്നതും അനുനാസികാതിപ്രസരത്തിലൂടെയാണ്. അനുനാസികാതിപ്രസരം സംഭവിക്കുന്നതിന് രണ്ട് വ്യവസ്ഥകൾ കേരളപാണിനി മുന്നോട്ട് വെക്കുന്നു. അനുനാസികം ആദ്യവും ഖരം പിന്നാലെയും വരുമ്പോഴാണ് അനുനാസികാതിപ്രസരം സംഭവിക്കുക. ഒരേ വർഗ്ഗത്തിൽ പെട്ട അനുനാസികഖരങ്ങൾ മാത്രമേ അനുനാസികാതിപ്രസരത്തിന് വിധേയമാവുകയുള്ളൂ.

Scanned by CamScanner

(2) താലവ്യാദേശം :- ഇ, ഈ, എ (ഏ), ഐ എന്നിവ താലവ്യസ്വരങ്ങളായാണ് അറിയപ്പെടുന്നത്. താലവ്യസ്വരത്തിന് ശേഷം ദന്ത്യത്തിലെ വർഗാനുനാസികങ്ങളും (ത, ന) അവ കൂട്ടക്ഷരങ്ങളോ കൂടിച്ചേർന്നു വരുന്ന, ത്ത, ന്ന, ന്ത എന്നീ (ചവർഗം) വന്നാൽ ദന്ത്യത്തിന് താലവ്യവർണാക്ഷരം ആദേശം വരും. പൊരുത്തമനുസരിച്ചാണ് ആദേശം സംഭവിക്കുന്നത്.

ത - ച

ത്ത - ച്ച

ന - ഞ

ന്ന - ഞ്ഞ

ന്ത - ഞ്ച

എന്നിങ്ങനെയാണ് ആദേശം സംഭവിക്കുക.

പിടിത്താൻ - പിടിച്ചാനാകുന്നത് താലവ്യാദേശ പ്രകാരമാണ്.

Dr. MINI NAIR'S
Mob: 9447863592
MALAYALAM CLASSES

(3) സ്വരസംവരണം:

തമിഴിൽ ഉകാരം തുറന്നാണ് ഉച്ചരിക്കുന്നത്. തുറന്നുച്ചരിക്കുന്ന വർണങ്ങളെ ഒതുക്കിയാണ് ഭാഷ പ്രയോഗിക്കുന്നത്. പൂർണമായ ഉകാരം മലയാളത്തിൽ മുറ്റുവിനയായും അർധ ഉകാരം പറ്റുവിനയായും ഉപയോഗിക്കുന്നു.

കണ്ട് - കണ്ടു, കേട്ട് - കേട്ടു.

ഐകാരത്തിന്റെ കാര്യത്തിലും ഈ സംവരണം പ്രവർത്തിച്ച് കാണുന്നു. മലൈ, വലൈ തുടങ്ങി തമിഴിൽ തുറന്നുച്ചരിക്കുന്ന ശബ്ദങ്ങൾ ഭാഷയിൽ ഒതുക്കിയാണ് ഉച്ചരിക്കുന്നത്. സ്വരത്തെ ഇപ്രകാരം സംവരണം ചെയ്ത് ഉച്ചരിക്കുന്ന രീതിയാണ് സ്വരസംവരണം.

Scanned by CamScanner

(4) <u>പുരുഷഭേദനിരാസം</u>: ക്രിയാപദങ്ങളോട് ലിംഗപ്രത്യയങ്ങൾ ചേർന്ന് പൊരുത്തം വരുത്തുന്ന രീതി തമിഴിൽ സാധാരണയായി കാണുന്നു. ഭാഷയിൽ അങ്ങനെയൊരു രീതിയില്ല. കർത്താവും ക്രിയയും വേറിട്ട് പ്രയോഗിക്കുന്ന രീതിയാണ് ഇവിടെ കാണുന്നത്.

അവൻ വന്നാൻ- അവൻ വന്നു
അവൾ വന്നാൾ- അവൾ വന്നു
അവർ വന്നാർ- അവർ വന്നു.

Dr. MINI NAIR'S MALAYALAM CLASSES Mob: 9447863592

(5) <u>വിലോപസംഗ്രഹം</u>: ഒരു കാലത്ത് ഭാഷയിൽ പ്രയോഗത്തിൽ ഉണ്ടായിരുന്നതും പിൽക്കാലത്ത് ഭാഷയിൽ നിന്ന് ഇല്ലാതായതുമായ ശബ്ദങ്ങളാണ് വിലോപങ്ങൾ. ഈ ശബ്ദങ്ങളെ ഉപസംഗ്രഹിക്കുക എന്നതാണ് വിലോപസംഗ്രഹം എന്ന പേരുകൊണ്ടുദ്ദേശിക്കുന്നത്.

ഭാഷയിൽ പ്രയോഗത്തിലുള്ള 'ആൻ' എന്ന ശബ്ദം ഇന്ന മലയാളത്തിൽ പ്രയോഗത്തിലുണ്ട്. അത് പ്രാചീന തമിഴിൽ നിന്ന് ലുപ്തമായി പോയി. ഇങ്ങനെ ലുപ്തമായ പദത്തെ വീണ്ടും ഉപയോഗിച്ചിരിക്കുന്നതിനാൽ അത് വിലോപസംഗ്രഹം എന്ന നയം. 'ആൻ' എന്ന പ്രത്യയം പ്രാചീന തമിഴിൽ പ്രയോഗത്തിലുണ്ടായിരുന്നു. ഈ ശബ്ദം പിൽക്കാലത്ത് വിലമായി തമിഴിൽ നിന്ന് പിൻതള്ളപ്പെട്ടു. ആധുനിക തമിഴിൽ നിന്ന് ഉപേക്ഷിക്കപ്പെട്ട 'ആൻ' മലയാളം സ്വീകരിച്ച് പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നു.

| <u>തമിഴ്</u> | <u>മലയാളം</u> |
|---|---|
| കുളിക്ക വന്തേൻ | കുളിക്കാൻ വന്നു |
| വായിക്ക പോകിറേൻ | വായിക്കാൻ പോകുന്നു. |

(6) <u>അംഗഭംഗം</u>: വാക്കു സൂചിപ്പിക്കുന്നതുപോലെ അംഗങ്ങൾക്കു ഭംഗം വരിക എന്നാണർത്ഥം. ഭാഷയിൽ ചില ശബ്ദങ്ങൾ സൗകര്യത്തിന് വേണ്ടി ചുരുക്കി ഉപയോഗിക്കാറുണ്ട്. ഇങ്ങനെ അംഗങ്ങൾക്കു ഭംഗം വന്നതുവഴിയുള്ള പ്രയോഗത്തിനെയാണ് അംഗഭംഗം എന്ന് വിവക്ഷിക്കുന്നത്.

Scanned by CamScanner

ഉദാഹരണത്തിന് സംബന്ധികാ വിഭക്തിയുടെ പ്രത്യയമായ 'ഉടെ' നോക്കാം. ബന്ധത്തെ സൂചിപ്പിക്കുന്നതിനാണ് സംബന്ധിക പ്രയോഗിക്കുന്നത്. ഈ പ്രത്യയം തമിഴിലെ 'ഉടയ' ശബ്ദത്തിൽ നിന്ന് വന്നതാണെന്ന് കേരളപാണിനി നിരീക്ഷിക്കുന്നു. 'ഉടയ' ശബ്ദത്തിന് അധികാരി, സ്വന്തക്കാരൻ, അവകാശി എന്നിങ്ങനെ അർത്ഥമുണ്ട്. ഇത് ലോപിച്ച് 'ഉടെ' എന്ന് പ്രയോഗിക്കുന്നു.

സീതയുടയ വൃത്താന്തം - സീതയുടെ വൃത്താന്തം

കുറവയുടയ കുടി - കുറവയുടെ കുടി

Dr. MINI NAIR'S MALAYALAM CLASSES Mob: 9447863592

ഭാഷയുടെ ഉത്പത്തി സിദ്ധാന്തങ്ങളിൽ ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ടതാണ് കേരളപാണിനിയുടെ തമിഴ്ജന്യവാദം. വിമർശകർ അതിന്റെ യുക്തിഭദ്രതയെക്കുറിച്ച് ആശങ്കകൾ ധാരാളം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അംഗീകരിക്കാവുന്ന ഒരു ഭാഷോത്പത്തി വാദമെന്ന നിലയിൽ തമിഴ്ജന്യവാദവും അതിനെ ശക്തമാക്കുന്ന ന്യായങ്ങളും പ്രസക്തമാകുന്നു.

<u>കേരളപാണിനിയുടെ ന്യായങ്ങൾ - വിമർശനങ്ങൾ :-</u>

സ്വരസംവരണം, പുരുഷഭേദനിരാസം എന്നീ നയങ്ങളിൽ യുക്തിക്കു നിരക്കാത്ത ചില വസ്തുതകൾ നിലനിൽക്കുന്നതായി സൂക്ഷ്മപരിശോധനത്തിൽ തെളിയുന്നു. അവ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

പ്രാചീന തമിഴിൽ കർത്താവിനോട് ക്രിയയ്ക്കും ലിംഗപ്രത്യയം ചേർക്കുന്ന രീതി ഉണ്ടായിരുന്നില്ല എന്ന പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. പ്രാചീനതമിഴിലെന്നവണ്ണം ഭാഷയിലും ക്രിയയോട് ലിംഗപ്രത്യയം ചേർക്കുന്ന രീതി കാണാനില്ല. തമിഴിൽ നിന്നാണ് മലയാളമുണ്ടായിരുന്നതെന്ന വാദിക്കാൻ സാധ്യമല്ലാത്ത വിധം ഉദ്ഭവത്തിന്റെ സ്വാധീനമാണ് ഭാഷയിൽ കാണുന്നത്. തമിഴിൽ നാമം, ക്രിയ എന്നിവയിൽ ഒരുപോലെ ലിംഗപ്രത്യയം ചേർത്ത് കാണുന്നു.

Scanned by CamScanner

അവൻ വന്താൻ, അവൾ വന്താൾ, അവർ വന്താർ എന്നിങ്ങനെ പുതിയ തമിഴിൽ ഉപയോഗിക്കുമ്പോൾ പ്രാചീന തമിഴും മലയാളവും ലിംഗപ്രത്യയം ക്രിയയിൽ നിന്നുപേക്ഷിച്ച്, അവൻ വന്നു, അവൾ വന്നു, അവർ വന്നു എന്ന് പ്രയോഗിക്കുന്നു.

പുരുഷഭേദനിരാസം നിരാസമല്ല അഭാവമാണെന്ന നിരീക്ഷണം ഇതിൽ നിന്നുണ്ടായതാണ്.

പുരുഷഭേദനിരാസം ശ്രദ്ധേയം. സ്വതന്ത്രവാദത്തിനു തെളിവെന്ന്? തൊൽകാപ്പിയത്തെ ആധാരമാക്കി പല നിരൂപകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. കുലശേഖരഭാഷയിൽ ഉണ്ടായ സാഹിത്യത്തിന് ഒരു വ്യാകരണഗ്രന്ഥമായി രചിക്കപ്പെട്ട തൊൽകാപ്പിയം മലയാളം തമിഴിൽ നിന്ന് ഉദ്ഭവിച്ചതല്ല എന്ന് വ്യക്തമായ സൂചന നൽകുന്നതായി കാണാകാം.

തമിഴിൽ ഇന്ന് കാണുന്നത് 'ഐ' കാരരൂപങ്ങളാണ്. മലൈ, വലൈ, തലൈ ഇടങ്ങിയ ഐകാരരൂപങ്ങളിൽ 'ഐ'കാരത്തെ മലയാളം സംവരണം ചെയ്ത് ഉച്ചരിക്കുന്നതായി കേരളപാണിനി അഭിപ്രായപ്പെടുന്നു. രേഖപ്പെടുത്തുന്നു. പക്ഷേ തമിഴിലെ ഐകാരത്തെ സംവരണം ചെയ്ത് അകാരമാകുന്നു എന്നതിനേക്കാൾ ഐകാരത്തിനു പകരം അകാരം ഉപയോഗിച്ചിരുന്ന കുലശേഖരകാലത്തെ പിൻതുടർന്നതാണ് മലയാളമെന്ന് കരുതുന്നതായിരിക്കും കൂടുതൽ യുക്തിസഹം.

ചെന്തമിഴിൽ നിന്നു മലയാളമുണ്ടായി എന്ന് സൂചിപ്പിക്കാനായി കേരളപാണിനി നിരത്തുന്ന യുക്തികളിൽ പലതും തമിഴ്ജന്യവാദത്തിലധികം കുലശേഖര ഭാഷാവാദത്തെയാണ് പിൻതാങ്ങുന്നത്, എന്ന് ഏ.ആറിന്റെ നയങ്ങൾക്കുള്ള പോരായ്മകൾ പല ഭാഷാപണ്ഡിതന്മാരും ചൂണ്ടിക്കാട്ടുന്നു.

Dr. MINI NAIR'S MALAYALAM CLASSES
Mob: 9447863592

Scanned by CamScanner

മൂലദ്രാവിഡഭാഷാവാദം:

ആറ്റൂർ കൃഷ്ണപിഷാരടിയാണ് ഈ വാദത്തിന്റെ അവതാരകൻ. 'കേരളഭാഷയും സാഹിത്യവും' ഭാഷാസാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിലാണ് അദ്ദേഹം തന്റെ വാദം ഉന്നയിക്കുന്നത്. ആർ. നാരായണപ്പണിക്കർ, കെ.എം. ജോർജ്ജ്, ഗോദവർമ്മ എന്നിവർ ഈ വാദത്തെ പിന്താങ്ങുന്നുണ്ട്. മലയാളം, തമിഴ്, തെലുങ്ക്, കന്നട തുടങ്ങിയ ഭാഷകൾ വേർപെടുന്നതിനു മുമ്പ് അവയ്ക്കടിസ്ഥാനമായി ഉണ്ടായിരുന്ന ഭാഷയെയാണ് ആറ്റൂർ മൂലദ്രാവിഡം എന്ന് വിവക്ഷിക്കുന്നത്. തന്റെ വാദത്തിന് ഉപോദ്ബലകമായി ആറ്റൂർ ചില യുക്തികൾ നിരത്തുന്നുണ്ട്. അവയെ ഇപ്രകാരം ക്രോഡീകരിക്കാം.

(1).

പ്രാചീന ഗദ്യത്തെ പ്രതിനിധാനം ചെയ്യുന്ന കൃതിയാണ് ബ്രഹ്മാണ്ഡപുരാണം. ഇതിൽ 'തമിഴായ്ക്കൊണ്ടറിയിക്കിന്റേൻ' എന്നാണ് പറഞ്ഞു കാണുന്നത്. ആദ്യകാലത്ത് ഭാഷയെ തമിഴ് എന്നാണ് വ്യവഹരിച്ചിരുന്നത് എന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു. ഭാഷയിൽ കണ്ടുകിട്ടിയിട്ടുള്ള ആദ്യ പാട്ടുകൃതിയായ രാമചരിതവും 'ചീരാമൻ പിന്നെടിയവനിത തമിഴ്കവി' എന്നാണ് പരാമർശിച്ചു കാണുന്നത്. ലീലാതിലകവും ഭാഷയെ കുറിക്കാൻ തമിഴ് എന്ന് പ്രയോഗിച്ചു. (തമിഴ്മണി സംസ്കൃതപവിഴം)

(2.

ആധുനികതമിഴിൽ ഐകാരം ചേർന്ന രൂപങ്ങളാണ് കാണുന്നത്. ആദ്യകാലതമിഴ് ഈ ഐകാരത്തെ അകാരമാക്കിയാണ് ഉപയോഗിച്ചിരുന്നത്. മൂലദ്രാവിഡം അകാരാന്തങ്ങളാണ് സ്വീകരിച്ചിരുന്നത് എന്നതിന് ആറ്റൂർ 'നന്നൂലിലെയും' 'തൊൽകാപ്പിയത്തിലെയും' സൂത്രങ്ങൾ ഉദാഹരണമായി എടുത്ത് കാണിക്കുന്നു. ഭാഷ മൂലദ്രാവിഡത്തിലുള്ള അകാരാന്ത്യഭാവത്തെ അങ്ങനെതന്നെ സ്വീകരിക്കുന്നതായാണ് കാണുന്നത്.

(3.

കൊടുംതമിഴ് ക്രിയാപദങ്ങളോട് പുരുഷപ്രത്യയം ചേർന്ന രൂപമാണ് സ്വീകരിച്ചിരിക്കുന്നത്. ഭാഷയിൽ ക്രിയയോടൊപ്പം പുരുഷപ്രത്യയം ഉപയോഗിക്കുന്ന രീതിയില്ല. ഉദാഹരണത്തിന് 'വന്താൻ' എന്ന തമിഴ്പ്രയോഗം ഭാഷ 'അവൻ വന്നു' എന്ന മട്ടിലാണ് ഉപയോഗിക്കുന്നത്.

Scanned by CamScanner

മൂലദ്രാവിഡം ക്രിയയും ലിംഗപ്രത്യയവും പ്രത്യേകം ഉപയോഗിക്കുന്ന രീതിയാണ് പിൻതുടർന്നിരുന്നത്. ഭാഷ അങ്ങനെ തന്നെ സ്വീകരിച്ചു എന്നാണ് ആട്ടൂരിന്റെ വാദം.

(4.

ദ്രാവിഡഭാഷകളിൽ കാണുന്ന പദങ്ങൾക്കും ശൈലികൾക്കും സമാനതയുണ്ട്. ദ്രാവിഡഭാഷകളുടെ പൂർവ്വകാലബന്ധമാണ് ഇത് കാണിക്കുന്നത്. ഉദാഹരണത്തിന്:

മലയാളം – ഉണ്ട ചോറിൽ കല്ലിടരുത്
തമിഴ് – ഉണ്ട ചോറുക്ക് ഇരണ്ടകം ചെയ്യലാമോ
കർണ്ണാടകം – ഉണ്ട മനെഗെ ഇരഡു നിനയ ബഗെബേഡ
തെലുങ്ക് – ഉണ്ണിന ചോട്ടിക്കു രണ്ടു ചേയ്യുടാ
മലയാളം – ഉപ്പു തിന്നവൻ വെള്ളം കുടിക്കും
തമിഴ് – ഉപ്പു തിന്റവൻ തണ്ണീർ കുടിപ്പാൻ
കർണ്ണാടകം – ഉപ്പു തിന്ദവനു നീരു കുടിദാന
തെലുങ്ക് – ഉപ്പു തിന്ന വാഡു നീള്ളുതാഗു താഡു

Dr. MINI NAIR'S
Mob: 9447863592
MALAYALAM CLASSES

ഭാഷാസംക്രമണവാദം:

നിലവിലുള്ള അഭിപ്രായങ്ങളോട് പൊരുത്തക്കേടുള്ള ബുദ്ധിയിൽ നിന്നാണ് ഭാഷാസംക്രമണവാദം നിലവിൽ വന്നത്. ഭാഷയിൽ ഉള്ളൂരും ശേഷം ചിന്തകനായ വാദങ്ങളുമാണ് ഭാഷാസംക്രമണവാദത്തിൽ എത്തിച്ചേരാൻ സി.എൽ. ആന്റണിയെ പ്രേരിപ്പിച്ചത്. നാമങ്ങളും പദങ്ങളും ക്രിയാരൂപങ്ങളും വേറെ ചില ഘടകങ്ങളിൽ തമിഴിൽ മലയാളത്തിന്റെ സംക്രമണം സ്പഷ്ടമായിക്കാണാം എന്നാണ് ഉള്ളൂർ അഭിപ്രായപ്പെടുന്നത്. ക്രിസ്തുവിനു മുൻപ് ചെന്തമിഴ്, സംസ്കൃതം എന്നീ ഭാഷകൾ ഇവിടെ ശക്തമായി നിലനിന്നിരുന്നു. ചെന്തമിഴ് അനാര്യന്മാരുടെ സാഹിത്യഭാഷ എന്ന നിലയിലും, സംസ്കൃതം ആര്യന്മാരുടെ ഭാഷയായിട്ടുമാണ് നിലവിലുണ്ടായിരുന്നത്. സാധാരണക്കാരന്റെ വ്യവഹാരഭാഷ ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. പ്രചാരത്തിലുള്ള മേലാളർ ഭാഷയുടെ അധഃപതനത്തിൽ മാത്രമേ പുതിയൊരു ഭാഷയ്ക്ക് ഉയർന്നുവരാൻ സാധ്യമാവൂ. ഇതിനുള്ള സാധ്യത ഭവത്രാതം–

നട്ടിലാണ് വന്ന
കാണാവുന്നു.

Scanned by CamScanner

ഒൻപത് മുതൽ പതിനേഴ് വരെ ശതകങ്ങൾ വ്യവഹാരഭാഷയിലെ കടന്നുകയറ്റത്തെയാണ് സൂചിപ്പിക്കുന്നത്. കേരളത്തിന്റെ ദക്ഷിണ-ഭാഗങ്ങളിൽ ചോള പാണ്ഡ്യന്മാർ നടത്തിയ ആക്രമണത്തിന്റെ ഭാഗമായി, അവരെ എതിർക്കാൻ ആര്യന്മാരും അനാര്യന്മാരും നിർബന്ധിതരായി. ഈ സന്ദർഭത്തിലാണ് അനാര്യഭാഷ ആര്യഭാഷയിലേക്കും ചെന്തമിഴിലേക്കും കടന്നു കയറുന്നത്. പതിനേഴാം ശതകമാകുമ്പോഴേക്കും വ്യവഹാരഭാഷ സ്വാതന്ത്ര്യം പ്രാപിക്കുന്ന അത്ഭുതകരമായ മാറ്റം നമുക്ക് ദർശിക്കാം എന്നാണ് സി.എൽ. ആന്റണിയുടെ അഭിപ്രായം.

ഈ വാദത്തെ ഭാഷോത്പത്തിവാദമെന്ന നിലയിൽ അംഗീകരിക്കാൻ ഭാഷാചിന്തകന്മാർ തയ്യാറായിട്ടില്ല. കാരണം പതിനാറാം ശതകമാകുമ്പോഴേക്കും എഴുത്തച്ഛന്റെ സാഹിത്യസംഭാവനകൾ പ്രചാരത്തിലെത്തി. നമുക്ക്

'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാരൂപമല്ലാതെ ശരണം' എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ എഴുത്തച്ഛന്റെ ഭാഷയെ പ്രകീർത്തിച്ചു. ശുദ്ധമലയാളത്തിന്റെ ഉത്പത്തി പതിനേഴാം നൂറ്റാണ്ടിലാണെന്ന വാദത്തെ വെല്ലുവിളിക്കുന്നതാണ് ഈ പരാമർശം. ഭാഷാസങ്ക്ര-മവാദത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന മറ്റൊന്ന് പത്തു മുതൽ പതിമൂന്ന് വരെ നൂറ്റാണ്ടുകളിൽ ഉണ്ടായ ജനകീയ പ്രവാഹത്തെക്കുറിച്ചുള്ള പരാമർശമാണ്. നൂറ്റാണ്ട് യുദ്ധം നടന്ന കാലത്ത് ഒരു ഭാഷാപരമായ ഒരു കൂട്ടിച്ചേർക്കൽ സാധിച്ചുവെന്ന പരാമർശം വിശ്വാസയോഗ്യമല്ല. ജാതീയമായ അസമത്വമായിരുന്നു നൂറ്റാണ്ട് യുദ്ധത്തിന്റെ പരിണിതഫലം. അത് ഭാഷയുടെ സങ്കരണത്തെ അല്ല, നേരെ മറിച്ച് ഭാഷയുടെ വിഭജനത്തെയാണ് സഹായിച്ചത്.

Dr. MINI NAIR'S MALAYALAM CLASSES
Mob: 9447863592

Scanned by CamScanner

DR MINI NAIR'S MALAYALAM CLASSES Mob: 9447863592

## ഭാഷോത്പത്തിവാദം: ആറ്റൂർ:-

" മലയാളത്തിന് ഉത്പത്തിവിഷയത്തിൽ തമിഴിനോടുള്ള ഗാഢമായ ഒരു ബന്ധവുമില്ലെന്ന് ഉറപ്പിച്ചു പറഞ്ഞവരിൽ ഏറ്റവും മുമ്പൻ ആറ്റൂർ ആയിരുന്നു." — പന്മന രാമചന്ദ്രൻനായർ.

പൂർവ്വദ്രാവിഡത്തിന്റെ സ്വതന്ത്രശാഖയാണ് ഭാഷ എന്നാണ് ആറ്റൂർ കൃഷ്ണപിഷാരടി വിശ്വസിച്ചിരുന്നത്. ശാഖാവാദം എന്നുകൂടി ഈ വാദം അറിയപ്പെടുന്നു. സ്വതന്ത്രവാദമെന്നും ചില-ഭാഷാചിന്തകന്മാർ ഇതിനെ നിരീക്ഷിക്കുന്നു. മൂലദ്രാവിഡത്തിൽ നിന്നാണ് ഭാഷ ഉത്ഭവിച്ചത് എന്ന് തെളിയിക്കുന്നതിനായി ആറ്റൂർ താഴെ പറയുന്ന വാദങ്ങൾ ഉന്നയിക്കുന്നു.

1. ദ്രാവിഡമൂലഭാഷയായ ദ്രമിഴ് ദ്രാവിഡപ്രദേശങ്ങളിലെല്ലാം പ്രചരിച്ചിരുന്നു

2. ചേരരാജാക്കന്മാരുടെ അധികാരിയായിരുന്ന മഹാബലിയുടെ കാലത്ത് മൂലദ്രാവിഡഭാഷകൾ ശാഖകളായി പിരിയാൻ തുടങ്ങി. അദ്ദേഹത്തിന്റെ പതനത്തിന് ശേഷം നിലവിൽ വന്ന അഞ്ച് സ്വതന്ത്രഭരണകേന്ദ്രങ്ങളിൽ ഒന്നായിരുന്ന കേരളത്തിലെ ദ്രാവിഡശാഖയെ തമിഴ് എന്ന സംജ്ഞ കൊണ്ട് വ്യവഹരിച്ചു.

3. പദാന്തങ്ങൾ ഐകാരങ്ങളായല്ല, അകാരങ്ങൾ ആയാണ് കാണപ്പെടുന്നത്. പൂർവ്വദ്രാവിഡത്തിൽ അകാരാന്തപദങ്ങളാണ് ഉണ്ടായിരുന്നത്. ഉച്ചാരണലാഘവം കൂടുതൽ അകാരത്തിനാണ്.

4. 'ഐയാകി ചെയ്യുൾക്കവ്വാകും' എന്ന നന്നൂൽ സൂത്രവും 'പനെയും അരെയും ആവിരെക്കിളിയും' എന്ന തൊൽകാപ്പിയസൂത്രവും പൂർവ്വരൂപം അകാരമാണെന്ന് തെളിയിക്കുന്നു. പൂർവ്വദ്രാവിഡത്തിൽ പുരുഷപ്രത്യയങ്ങൾ

5. പുരുഷപ്രത്യയങ്ങൾ ചേർന്നവയും ചേരാത്തവയുമായ ക്രിയകൾ ദ്രാവിഡത്തിലുണ്ടായിരുന്നു. പുരുഷപ്രത്യയം ചേർന്നവ തമിഴും ചേരാത്തവ ഭാഷയും സ്വീകരിച്ചു.

6. 'തമിഴായിതൊണ്ടറിയിക്കുന്നേൻ' എന്ന ബ്രഹ്മാണ്ഡപുരാണത്തിലെ വാക്യത്തിലെ തമിഴ് ശബ്ദത്തിന് ഭാഷ എന്നാണർത്ഥം.

Scanned by CamScanner

Dr. MINI NAIR'S MALAYALAM CLASSES Mob: 9447863592

7. പദസാദൃശ്യം ഭാഷോത്പത്തിവാദത്തിന് തെളിവായി ചൂണ്ടിക്കാണിക്കാനാവില്ല.

8. പ്രാചീനകൃതികളിൽ കാണുന്ന തമിഴിന്റെ അതിപ്രസരമാണ് തമിഴിൽ നിന്നാണ് ഭാഷ ഉത്ഭവിച്ചത് എന്ന് പറയാനുള്ള കാരണം. ഭൂരിഭാഗം പ്രാചീനകൃതികളും രചിച്ചിരിക്കുന്നത് ഭട്ടന്മാർ കേരളീയരായിരുന്നു; അവരുടെ മാതൃഭാഷ തമിഴുമായിരുന്നു.

ഭാഷോത്പത്തിയെ പറ്റി പണ്ഡിതരുടെ അഭിപ്രായങ്ങൾ:-

"അതിപ്രാചീനമായ കാലത്തുപോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ അതിന്റെ ഒരു ഉപഭാഷയോ ആയിരുന്നു എന്ന് വിചാരിക്കുന്നത് ~~നി~~ അസംഗതമാണ്." — ആട്ടൂർ.

"മലയാളം മറ്റ് ദ്രാവിഡഭാഷകളെക്കാൾ തമിഴിനോട് കൂടുതൽ ചാർച്ച പ്രദർശിപ്പിക്കുന്നതിന് കാരണം മലയാളത്തിനും തമിഴിനും സമാനമായ ഒരു പൂർവ്വദശ ഉണ്ടായിരുന്നു എന്നതിന്റെ ഫലമത്രേ. പിൽക്കാലത്ത് രണ്ട് ഭാഷകളായി പിരിഞ്ഞതിന് ശേഷം വർണ്ണവികാരവിഷയകമായി തമിഴിനും മലയാളത്തിനും ചില വിഭിന്നസ്വഭാവങ്ങൾ പ്രതിഷ്ഠ നേടിയിട്ടുണ്ട് എന്നുള്ളത് വിസ്മരിക്കാവുന്നതല്ല." — ഡോ. ഗോദവർമ്മ.

"Malayalam being as I conceive, a very ancient off-shoot of Tamil, differing from it chiefly at present by its disuse of the personal termination of the verb and the larger amount of Sanskrit derivatives it has availed itself of, it might perhaps be regarded rather as a dialect of Tamil than as a distinctive member of the Dravidian family." — ഡോ. കാൾഡ്വൽ.

(തമിഴിൽ നിന്നാണ് ഭാഷ ഉത്ഭവിച്ചതെന്ന് കാൾഡ്വൽ പറഞ്ഞെങ്കിലും ഏത് തമിഴിൽ നിന്നാണെന്നോ, ഏതു കാലത്തെ തമിഴിൽ നിന്നാണെന്നോ എന്ന് അദ്ദേഹം വിശദീകരിച്ചിട്ടില്ല. തമിഴ് മലയാളങ്ങൾ വേർപിരിയുന്ന പരിണാമഘട്ടത്തെ പറ്റിയും കാൾഡ്വൽ മൗനം പാലിച്ചു. ഈ അപര്യാപ്തതകൾ ഇടച്ചു നീക്കിയാണ് കേരളപാണിനി തന്റെ തമിഴ്ജന്യവാദം മുന്നോട്ട് വെച്ചത്.)

Scanned by CamScanner

" മലയാളഭാഷയുടെ മാതൃസ്ഥാനം വഹിച്ചിരുന്നത് തമിഴ് തന്നെ. അത് നിസ്സംശയമാകുന്നു. എന്നാൽ മലയാളം അന്യസംസർഗം കൊണ്ടുമാത്രം പ്രാപ്തിയായി യൗവനം വന്ന സമയം അതിനും തമിഴിനും തമ്മിലുള്ള ബന്ധം സഹോദരിത്വം ആയി തീർന്നിരിക്കുന്നു." — പി. ഗോവിന്ദപ്പിള്ള.

Dr. MINI NAIR'S MALAYALAM CLASSES

## കാലവിഭജനം:

സാഹിത്യചരിത്രത്തെ പല ഘട്ടങ്ങളായി വിഭജിക്കുന്നത് എല്ലാ ഭാഷകളിലും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പി. ഗോവിന്ദപ്പിള്ളയാണ് സാഹിത്യചരിത്രത്തെ ആദ്യമായി മൂന്ന് ഘട്ടങ്ങളായി തിരിച്ചത്.

ആദ്യമലയാളം ബി.സി. ക്ക് 600 മു – A.D 800
മധ്യമലയാളം എ.ഡി 800 – A.D.1500
നവീനമലയാളം എ.ഡി. 1500 –.....

പി. ശങ്കരൻനമ്പ്യാരും ഇപ്രകാരം മൂന്നായി കാലവിഭജനം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിഭജനം ഇപ്രകാരമാണ്.
പ്രാചീനകാലം പതിമൂന്നാം ശതകം വരെ.
മധ്യകാലം - പതി 13-ാം ശതകം – 16-ാം ശതകം.
ആധുനികകാലം – 16-ാം ശതകം – .....

ഏ.ആർ. രാജരാജവർമ്മയുടെ ഭാഷാകാലവിഭജനം.
ആദ്യഘട്ടം – എ.ഡി (AD) - 825 – AD 1325
മധ്യഘട്ടം – AD 1325 – AD 1625
ആധുനികഘട്ടം – AD– 1625 – – – ..

ആർ. നാരായണപ്പണിക്കരുടെ കാലവിഭജനം.
അതിപ്രാചീനകാലം – ~~AD 8 മുതൽ~~ AD 8-ാം ശതകം വരെ.
ദ്രാവിഡപ്രഭവകാലം – എട്ടാം ശതകം – പതിനാലാം ശതകം
സംസ്കൃതപ്രഭാവകാലം – 14-ാം ശതകം – 17-ാം ശതകം
ആധുനികകാലം – 17-ാം ശതകം മുതൽ . . .

Scanned by CamScanner

## ഭാഷോൽപത്തി വാദം: എൽ.വി. രാമസ്വാമി അയ്യർ

DR. MINI NAIR'S MALAYALAM CLASSES Mob: 9447863592

ഭാഷയുടെ ഉത്പത്തി വികാസങ്ങളെക്കുറിച്ച് വ്യത്യസ്ത സിദ്ധാന്തങ്ങൾ നിലനിൽക്കുന്നു. 'The Evolution of Malayalam Morphology' എന്ന ഗ്രന്ഥത്തിൽ എൽ.വി. രാമസ്വാമി അയ്യർ എൺപതോളം പ്രാചീന ശാസനങ്ങളും, രേഖകളും പരിശോധിച്ച് പൂർവ്വമധ്യകാലതമിഴിൽ നിന്നാണ് മലയാളഭാഷയുടെ രൂപപ്പെടൽ എന്ന് സമർത്ഥിക്കുന്നു.
പന്ത്രണ്ടാം ശതകത്തിന് മുമ്പ് മലയാളത്തിലെഴുതിയതെന്ന് ഉറപ്പിച്ച് പറയാവുന്ന കൃതികളൊന്നും ലഭ്യമായിട്ടില്ല. എന്നാൽ ഈ കാലഘട്ടത്തിനുമുമ്പ് തന്നെ വാമൊഴി നിലനിന്നിരുന്നു. ശാസനങ്ങളിൽ നിന്ന് ഇതിനുള്ള തെളിവുകൾ കണ്ടെത്താനാവും. ഭാഷാകൗടിലീയം, ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം, ഉത്തരരാമായണം എന്നീ കൃതികൾ കേന്ദ്രീകരിച്ചാണ് അദ്ദേഹത്തിന്റെ ~~പ്രാചീനഗദ്യഭാഷാപഠനം~~ പ്രാചീനഭാഷാഗദ്യപഠനം. ഭാഷാപരിണാമങ്ങളെക്കുറിച്ചുള്ള എൽ.വി.യുടെ ~~തന്റെ~~ സിദ്ധാന്തങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. പൂർവ്വമധ്യകാലതമിഴിനോടാണ് രൂപഘടനാപരമായി മലയാളത്തിനേറെ അടുപ്പമുള്ളത്.
2. ചരിത്രപരമായി നോക്കുമ്പോഴും പൂർവ്വമധ്യകാലതമിഴിനോട് മലയാളം ബന്ധപ്പെട്ടിരിക്കുന്നു.
3. മലയാളത്തിൽ നിലനിൽക്കുന്ന പ്രചാരലുപ്തമായ ചില പദങ്ങളും പ്രയോഗങ്ങളും ഇന്നും പശ്ചിമതീരങ്ങളിലും വാമൊഴി ഭാഷയിലും ഉപഭാഷാഭേദങ്ങളിലും നിലനിൽക്കുന്നുണ്ട്.

ഈ അടിസ്ഥാനത്തിൽ മലയാളഭാഷാപഠനത്തെ ഇദ്ദേഹം മൂന്ന് ഘട്ടങ്ങളായി തിരിക്കുന്നു.

1. 12-13 നൂറ്റാണ്ട് വരെയുള്ളതിനെ പൂർവ്വപ്രാചീനഘട്ടമായി പരിഗണിക്കുന്നു. സാഹിത്യത്തിൽ തമിഴ് മേധാവിത്വം നിലനിന്നിരുന്ന കാലമാണിത്.
2. 14-ാം നൂറ്റാണ്ട് വരെയുള്ള കാലത്തെ പഴയ മണിപ്രവാളകാലഘട്ടമായാണ് എൽ.വി. രാമസ്വാമി അയ്യർ പരിഗണിക്കുന്നത്.

Scanned by CamScanner

(3) പച്ച മണിപ്രവാളത്തിന്റെ തുടർച്ചയായി ചമ്പുകാലഘട്ടം എന്നൊരു ഘട്ടം എൽ.വി. കൂടി കാണിക്കുന്നു. സംസ്കൃതസ്വാധീനം മലയാളഭാഷയിൽ ഇടറുകയും സംസ്കൃതത്തിന്റെ ഭാഷാരൂപങ്ങൾ കടന്നുകൂടുകയും ചെയ്യുന്നത് ചമ്പു കാലഘട്ടത്തിലാണ്.

പതിനാറാം നൂറ്റാണ്ട് മുതലുള്ള കാലഘട്ടത്തെ പുതുമലയാളം എന്നാണ് എൽ.വി വിവക്ഷിക്കുന്നത്. ആധുനികത്തിനെ ഉപവിധ (1) പരിവർത്തന ഘട്ടം - എഴുത്തച്ഛന്റെ കാലം

(2) പ്രാചീന പുതുമലയാളം - 16-17- നൂറ്റാണ്ടുകളിലായി രൂപപ്പെട്ട മലയാളം.

(3) മധ്യകാലമലയാളം - 18-ാം നൂറ്റാണ്ടിലെ മലയാളം

(4) ആധുനികമലയാളം - കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലം മുതൽ ഇന്നുവരെയുള്ള കാലഘട്ടം.

പദങ്ങളുടെ സ്വരൂപവും വ്യാകരണപരവുമായ സാമ്യ-വൈജാത്യങ്ങളുടെ അടിസ്ഥാനമാക്കിയാണ് ഭാഷകൾ തമ്മിലുള്ള ജൈവിക-ബന്ധം എൽ.വി. ആർ നിർണയിക്കുന്നത്. മലയാളവും തമിഴും ഒരു പൂർവ്വഭാഷയിൽ നിന്നാണ് ഉത്ഭവിച്ചതെന്ന കാര്യം എൽ.വി. ആർ ഉറപ്പിക്കുന്നു. പ്രാഗ്ഭാഷ - പൂർവ്വതമിഴ് - മധ്യകാലതമിഴ് - പൂർവ്വമധ്യകാലതമിഴ് - പഴയമലയാളം എന്നിങ്ങനെയാണ് വിഭജനത്തെ രേഖപ്പെടുത്തുന്നത്. സംഘകാലമാണ് പൂർവ്വതമിഴ് കാലഘട്ടം. സംഘകാലത്തിന് ശേഷമുള്ള കാലഘട്ടത്തെ മധ്യകാലതമിഴ് എന്ന് വിളിക്കുന്നു. ഇതിലുൾപ്പെടുന്ന പൂർവ്വമധ്യതമിഴിന്റെ കാലത്തെ എൽ.വി. ആർ ഇങ്ങനെ നിരീക്ഷിക്കുന്നു.

“ ഏതാണ്ട് ഈ കാലഘട്ടത്തിലായിരിക്കാം പശ്ചിമതീര വ്യവഹാര-ഭാഷ മലയാളഭാഷയുടെ സവിശേഷതകളിലേക്ക് ക്രമാനുഗതമായി പരിണമിക്കുവാൻ ആരംഭിച്ചത്. ”

അഞ്ചാം നൂറ്റാണ്ട് മുതൽ കേരളഭാഷ തമിഴിൽ നിന്ന് അകന്നു പോകാൻ തുടങ്ങി. ആദ്യകാലത്തിലിരുന്നും മധ്യതമിഴിന്റെ പല പ്രത്യേകതകളും നിലനിർത്തിക്കൊണ്ട് മലയാളം രൂപപ്പെടുന്നത്.

Scanned by CamScanner

ഭാഷോൽപത്തി വാദം

വടക്കുംകൂർ രാജരാജവർമ്മ

പാണിനി സർവ്വസ്വത്തിലെ ഭാഷാവ്യുൽപത്തി പ്രകരണം എന്ന ഒന്നാം പ്രകരണത്തിൽ സംസ്കൃതജന്യവാദത്തെ അനുകൂലിക്കുന്ന മട്ടിൽ ചില ഭാഷാചിന്തകൾ വടക്കുംകൂർ പുലർത്തുന്നു.

ഭാരതത്തിലെ വ്യവഹാരഭാഷ സംസ്കൃതമായിരുന്നു എന്ന് വടക്കുംകൂർ വിശ്വസിക്കുന്നു. ഇതിൽ നിന്നാണ് മറ്റ് ദേശ്യഭാഷകൾ ഉടലെടുത്തു വന്നത്. വർണ്ണമാലാക്രമവും പദങ്ങളുടെ സ്വീകരണവും ഇതിന് തെളിവായി അദ്ദേഹം എടുത്തുകാട്ടുന്നു.

ഭാഷയെ ചിട്ടപ്പെടുത്തുന്നത് അതിന്റെ വ്യാകരണ വ്യവസ്ഥയാണ്. വിഭക്തികൾ, സമാസം, സന്ധി എന്നിവയുടെ കാര്യത്തിൽ ഒരു ഭാഷ എങ്ങനെ പെരുമാറുന്നു എന്നതാണ് അതിന്റെ ഉത്പത്തിയെ നിർണ്ണയിക്കുന്നത്. എട്ട് വിഭക്തികൾ ചിലതൊന്നിൽ സംസ്കൃതവും ഭാഷയും സമാനത പുലർത്തുന്നു. സമാസങ്ങളുടെ സ്വീകരണവും ഇപ്രകാരം തന്നെയുണ്ടായതാകണം എന്നാണ് വടക്കുംകൂർ വാദിക്കുന്നത്.

ദ്രാവിഡത്തിൽ നിന്ന് വ്യത്യസ്തമാണ് ഭാഷയിലെ അക്ഷരമാലാക്രമം. അതിഖരം, മൃദു, ഘോഷം എന്നിവിഭാഗത്തിൽപ്പെടുന്ന അക്ഷരങ്ങൾ ദ്രാവിഡത്തിൽ ഇല്ല. എന്നാൽ ഭാഷ പിൻതുടരുന്നത് സംസ്കൃതരീതിയാണ്. അതിൽ അതിഖരമൃദുഘോഷങ്ങൾ കാണുന്നു.

വിശേഷണ വിശേഷ്യപ്രയോഗം ഇത്തരത്തിൽ ദ്രാവിഡത്തിന്റെ സവിശേഷതയല്ല. അത് സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചതാണ്

ഉത്തരം സാധ്യതകൾ

മുന്നോട്ട് വച്ചതോടൊപ്പം മലയാളം സംസ്കൃതത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് വടക്കുംകൂർ സ്ഥാപിക്കുന്നത്.

Dr. MINI NAIR'S MALAYALAM CLASSES
Mob: 9447863592

## ഭാഷാവാദങ്ങളും അവ ഉന്നയിച്ച പണ്ഡിതന്മാരും

| | |
|---|---|
| ലീലാതിലകകാരൻ<br>കോവുണ്ണി നെടുങ്ങാടി<br>വടക്കുംകൂർ രാജരാജവർമ്മ | സംസ്കൃതജന്യവാദം. |
| എഫ്. ഡബ്ല്യു. എല്ലിസ്<br>എ. ആർ. രാജരാജവർമ്മ<br>എൽ. വി. രാമസ്വാമി അയ്യർ<br>കാൽഡ്വൽ | തമിഴ് ജന്യവാദം |
| പ്രൊഫ. ഇളംകുളം<br>പ്രൊഫ. എൻ. കൃഷ്ണപിള്ള | മിശ്രവാദം. |
| ഗുണ്ടർട്ട്<br>ആറ്റൂർ<br>ഉള്ളൂർ<br>ഡോ. കെ. ഗോദവർമ്മ<br>സി. എൽ. ആന്റണി<br>ഡോ. കെ. എം. ജോർജ്ജ് | മൂലദ്രാവിഡഭാഷാവാദം. |

Scanned by CamScanner

## എഫ്. ഡബ്ല്യൂ. എല്ലിസിന്റെ ഭാഷാവാദം

താരതമ്യാത്മക ദ്രാവിഡ ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഭാഷാചിന്തകനാണ് എല്ലിസ്. ഭാഷാശാസ്ത്രത്തിന്റെ അടിത്തറയോടെ ഭാഷാപഠനം നിർവ്വഹിച്ചു എന്നതാണ് അദ്ദേഹത്തിനെ ശ്രദ്ധേയനാക്കിയത്. സംസ്കൃതത്തിലും ദക്ഷിണേന്ത്യൻ ഭാഷകളിലും ഒരുപോലെ പാണ്ഡിത്യം പുലർത്തിയിരുന്ന ആള അദ്ദേഹം.

മലയാളം സംസ്കൃതത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്ന അടിസ്ഥാന വിശ്വാസത്തെ ശാസ്ത്രീയമായിത്തന്നെ തകർക്കും തമിഴിനോട് അത് പുലർത്തുന്ന സാമീപ്യത്തെ ശക്തമായി ചിന്താങ്ങൾകൊണ്ടും ചെയ്തു. ദക്ഷിണേന്ത്യൻ ഭാഷകൾ ഒരേ ഗോത്രത്തിന്റെ കീഴിൽ വരുന്നവയാണെന്നും ഈ ഗോത്രത്തെ ദ്രാവിഡഗോത്രമെന്ന് വിളിക്കുന്നതാണ് ഉചിതമെന്നും അദ്ദേഹം വാദിച്ചു.

'A dissertation on Malayalam Language' എന്ന പ്രബന്ധത്തിലൂടെ മലയാള ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങളിലേക്കും നിഗമനങ്ങളിലേക്കും അദ്ദേഹം ചെന്നെത്തുകയുണ്ടായി.

Scanned by CamScanner